തൊഴിലാളികൾ പണിയെടുക്കുന്ന ഈ കേരളത്തിലാണ് ഈ വിത്ത് ബിൽ ഏറ്റവും കൂടുതൽ ആഘാതം സൃഷ്ടിക്കാൻ പോകുന്നത്. അതുകൊണ്ട് വിത്ത് ബില്ലും പേറ്റന്റ് നിയമവും കേരള സംസ്ഥാനത്തെയാണ് ഏറ്റവും കൂടുതൽ ബാധിക്കുമെന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയുടെ വികാരം എന്ന നിലയിൽ ഒരു പ്രമേയമെങ്കിലും പാസാക്കി കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ സമർപ്പിക്കുന്നതിന് മുൻകൈ എടുക്കണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സീഡ് ബിൽ രാജ്യസഭയുടെ പരിഗണനയിലിരിക്കുകയാണ്. രാജ്യസഭ കൂടി പാസ്സാക്കിയാലേ അത് നിയമം ആകുകയുള്ളൂ. കഴിഞ്ഞദിവസം ശ്രീ. സി.പി. മുഹമ്മദ് ഇവിടെ ഒരു സബ്മിഷൻ അവതരിപ്പിച്ചപ്പോൾ ഞാൻ മറുപടി പറഞ്ഞിരുന്നു. അതിനെക്കുറിച്ച് പഠിക്കാനുള്ള സംവിധാനം ഉടനെതന്നെയുണ്ടാക്കി അതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും പഠിച്ചുകഴിഞ്ഞതിനുശേഷം അതിൻമേൽ ഒരു തീരുമാനം എടുക്കുമെന്ന് പറഞ്ഞിരുന്നു. അതനുസരിച്ച് ഒരാഴ്ചയ്ക്കകം റിപ്പോർട്ടു തരാൻ പറഞ്ഞുകൊണ്ട് സ്പൈസസ് ബോർഡ് ചെയർമാൻ ചെയർമാനായും, W.T.O.സ്പെഷ്യൽ ഓഫീസർ കൺവീനറായും, കൃഷി ഡയറക്ടർ മെമ്പറായും ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. അവർ സീഡ് ബില്ലും 1966-ലെ സീഡ് ആക്ടും തമ്മിൽ താരതമ്യപഠനം നടത്തി പുതിയ ബിൽ കർഷകരെ ഏതു രീതിയിലൊക്കെ ബാധിക്കും എന്നുള്ളതിനെക്കുറിച്ചൊക്കെ പഠിച്ച് ഒരു ആഴ്ചയ്ക്കകം റിപ്പോർട്ട് തരും. ആ റിപ്പോർട്ട് നോക്കി അത് എത്രമാത്രം നമ്മളെ ബാധിക്കും, ഏതുവിധത്തിലാണ് നമ്മൾ ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കേണ്ടത് എന്ന് തീരുമാനിക്കും. ഏതായാലും ഇതുസംബന്ധിച്ച് ഏറ്റവും വേഗത്തിൽ അന്നു ഞാൻ പറഞ്ഞതനുസരിച്ചാണ് ഈ കമ്മിറ്റി ഫോം ചെയ്യുന്നത്. കമ്മിറ്റിയോട് ഒരാഴ്ചയ്ക്കകം റിപ്പോർട്ട് തരാൻ പറഞ്ഞിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കും. അതുസംബന്ധിച്ച് ഒരാശങ്കയും വേണ്ട. നമ്മുടെ കൃഷിക്കാരുടെ താൽപ്പര്യങ്ങൾക്ക് എതിരാണെങ്കിൽ അവർക്ക് സംരക്ഷണം ലഭ്യമാക്കുന്നതിനു വേണ്ടിയിട്ടുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കും.

(7) ചാലക്കുടി മുനിസിപ്പൽ ചെയർപേഴ്സനെ തടഞ്ഞുവച്ചതു സംബന്ധിച്ച്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ഇന്നലെ തീർത്തും നിർഭാഗ്യകരമായ ചില സംഭവങ്ങൾ നടന്നു. ഒരു വനിതയാണ് ചാലക്കുടിയിലെ ഇപ്പോഴത്തെ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി മേരി നളൻ. അവരെ അവരുടെ ചേമ്പറിൽ പ്രതിപക്ഷ കൗൺസിലർമാർ ഇന്നലെ മണിക്കൂറുകളോളം തടഞ്ഞുവയ്ക്കുകയും ഒടുവിൽ പോലീസ് എത്തി തടവിൽ നിന്നും രക്ഷപ്പെടുത്തുകയുമാണുണ്ടായത്. ചാലക്കുടി മുനിസിപ്പാലിറ്റിയിൽ ഇത് ആദ്യത്തെ അനുഭവമല്ല. ഇതിനുമുമ്പ് മറ്റൊരു വനിതയായിരുന്നു ചെയർപേഴ്സൺ ശ്രീമതി കൊച്ചുത്രേസ്യാ തോമസ്.

LIBRARY ARCHIVES Kerala Legislative Assembly

അവരോടും ഇത്തരത്തിലുള്ള ക്രൂരത അവിടത്തെ പ്രതിപക്ഷ കൗൺസിലർമാർ കാണിച്ചിട്ടുണ്ട്. ഇപ്പോഴത്തെ ചെയർപേഴ്സൺ ആയ ശ്രീമതി മേരി നളനെ ഏതാനും ദിവസങ്ങൾക്കു മുമ്പ് കൗൺസിൽ ഹാളിൽ വച്ച് പ്രതിപക്ഷ അംഗങ്ങൾ കസേരിൽകടന്നുപിടിച്ച് വലിച്ച് ബുദ്ധിമുട്ടുകളൊക്കെ സൃഷ്ടിച്ചിരുന്നു. അഹിംസയിൽ വിശ്വസിക്കുന്ന ഒരു പ്രസ്ഥാനത്തിന്റെ തലപ്പത്തു നിൽക്കുന്ന പൊതുജന പ്രവർത്തക എന്ന രീതിയിൽ മഹാത്മജിയുടെ ആ സിദ്ധാന്തത്തിൽ അടിയുറച്ചു വിശ്വസിച്ചുകൊണ്ട് മറ്റു തുടർ നടപടികൾക്കൊന്നും മുതിരാതെ ഒരു പ്രതിഷേധ യോഗത്തിൽ കാര്യങ്ങൾ വിശദീകരിച്ച് അവസാനിപ്പിക്കുക മാത്രമാണ് ഞങ്ങൾ ചാലക്കുടിക്കാർ അന്നുചെയ്തത്. പക്ഷെ ഫലം ഇപ്പോൾ ഞങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന സമ്പ്രദായത്തിലായി മാറി. ഇന്നലെയും കൗൺസിൽ യോഗത്തിൽ ബഹളമുണ്ടായി. കൗൺസിലിന്റെ നടപടികൾ പൂർത്തിയാക്കാതെ കൗൺസിൽ പിരിയേണ്ടതായി വന്നു. തുടർന്ന് ചെയർപേഴ്സൺ അവരുടെ ചേമ്പറിൽ ഇരിക്കുമ്പോഴാണ് പ്രതിപക്ഷ അംഗങ്ങൾ ഒക്കെക്കൂടി വന്ന് അവരുടെ ചുറ്റുമിരുന്ന് മുദ്രാവാക്യങ്ങൾ വിളിച്ച് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ചത്. പ്രാഥമിക ആവശ്യങ്ങൾക്ക് പുറത്തുപോകാൻ പോലും ഈ വനിതയെ അവിടത്തെ കൗൺസിലർമാർ അനുവദിച്ചില്ല. അവർ അഭ്യർത്ഥിച്ചിട്ടുപോലും സമ്മതിച്ചില്ല. പ്രഷറും ഷുഗറും ഒക്കെ അസുഖങ്ങളുള്ള ചെയർപേഴ്സണെ

പോലീസ് എത്തി മോചിപ്പിച്ചതിനുശേഷം ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ട ഒരു ഗതികേടിലേക്ക് കാര്യങ്ങൾ ഉയർന്നു. ഈ പറയുന്ന സംഭവത്തെക്കുറിച്ച് വിശദമായി അന്വേഷിക്കണമെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ശക്തമായ നടപടികൾ ഉണ്ടാകണമെന്നും ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്നലെ ചാലക്കുടി മുനിസിപ്പൽ ഹാളിലെ കൗൺസിൽ യോഗം കഴിഞ്ഞ് ചെയർപേഴ്സൺ ശ്രീമതി മേരി നളൻ അവരുടെ ചേമ്പറിലേക്ക് പോയി; ഉച്ചയ്ക്ക് 12.30 മണിയോടുകൂടി മുനിസിപ്പൽ കൗൺസിലിലെ പ്രതിപക്ഷനേതാവ് ശ്രീ. പി. എം. ശ്രീധരന്റെ നേതൃത്വത്തിൽ എൽ.ഡി.എഫ്. കൗൺസിലർമാർ ചെയർപേഴ്സണെ അവരുടെ ചേമ്പറിൽ തടഞ്ഞുവച്ചു. വൈകിട്ട് 5.30 മണിക്ക് മുനിസിപ്പൽ സെക്രട്ടറി ശ്രീ. സുധാകരൻ പരാതിപ്പെട്ടതിനെത്തുടർന്ന് ചാലക്കുടി പോലീസ് സ്ഥലത്തെത്തി ഉപരോധത്തിൽ ഏർപ്പെട്ടിരുന്ന പതിനൊന്ന് കൗൺസിലറുടെ പേരിൽ കേസെടുത്ത് അറസ്റ്റ് ചെയ്ത് സ്റ്റേഷനിൽ കൊണ്ടുവന്നു എന്നിട്ട് അവരെ ജാമ്യത്തിൽ വിട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്, അഞ്ചു മണിക്കൂറോളം തടഞ്ഞുവച്ചു. നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിക്കു തന്നെ ഇതുപോലുള്ള കാര്യങ്ങൾ ഒരു ഭീഷണിയായി വരികയാണ്. കാരണം നമുക്ക് എതിർക്കാം, പക്ഷെ ഭൂരിപക്ഷമുള്ള ഒരു കൗൺസിലിൽ തങ്ങൾ പറയുന്നതുപോലെ കാര്യങ്ങൾ നടക്കില്ല എങ്കിൽ സൈര്യമായി പ്രവർത്തിക്കാൻ അനുവദിക്കില്ല നിന്നെ കയിലെടുക്കും എന്ന നിലവരുന്നത് വളരെ അപകടകരമാണ്. എല്ലാ രാഷ്ട്രിയ പാർട്ടികളും ഇതിനെക്കുറിച്ച് സ്വയം ചിന്തിക്കുന്നതു കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ഒരിടത്ത് ഒരു കൂട്ടർ ഭൂരിപക്ഷമാണെങ്കിൽ അവർ വേറൊരു സ്ഥലത്ത് ന്യൂനപക്ഷമായിമിക്കും. അതുകൊണ്ട് എല്ലാവരും ഇതിനെക്കുറിച്ച് ആലോചിക്കണം. ജനാധിപത്യ രീതിയിൽ നമ്മുടെ ജനാധിപത്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമാണ് നമുക്കാവശ്യം.

(8) ധനകാര്യ കമ്മിഷൻ റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: സർ, അത്യന്തം ഗൗരവമായ ഒരു വിഷയമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. 12-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ നമ്മുടെ ആരോഗ്യ, വിദ്യാഭ്യാസ മേഖലകൾക്ക് വളരെയേറെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന ഒന്നാണ്. നമ്മുടെ പുരോഗതിയെത്തന്നെ തടസ്സംവയ്ക്കുന്ന ഒന്നാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തിന്റെ പൊതുതാൽപ്പര്യത്തിനുവേണ്ടി യോജിച്ച് നിൽക്കേണ്ടുന്ന ഒരു കാര്യമാണിത്. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ നമ്മുടെ സംസ്ഥാനം ആർജ്ജിച്ച പുരോഗതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി രാവിലെ പറഞ്ഞതുപോലെ നമുക്കുതന്നെ ഒരു ശിക്ഷയാകുന്ന രീതിയിലേക്ക് മാറിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് എന്നുപറഞ്ഞാൽ നമ്മുടെ രാജ്യത്ത് ഭരണത്തിന്റെ നേതൃത്വം വഹിക്കുന്നവരാണ്. ആ ഭരണത്തിന്റെ ആ രാഷ്ട്രീയ നേതൃത്വത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി ഒരു സംസ്ഥാനം ഉണ്ടാക്കിയിട്ടുള്ള പുരോഗതി ആ സംസ്ഥാനത്തിനുതന്നെ ശിക്ഷയായി മാറാത്ത തരത്തിൽ നയപരമായി ഒരു തീരുമാനം എടുക്കേണ്ടതുണ്ട്. പാർലമെന്റ് കൂടാൻ പോകുകയാണ്, പാർലമെന്റ് അംഗങ്ങളെയെല്ലാം നമ്മുക്ക് കൂട്ടായി യോജിപ്പിക്കാൻ കഴിയണം. കേരളത്തെ അത്യന്തം ഗുരുതരമായി ബാധിക്കുന്ന, നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിന് എതിരായ നിലപാട് സ്വീകരിച്ചിട്ടുള്ള ധനകാര്യ കമ്മീഷന്റെ ശിപാർശ നടപ്പാക്കാതിരിക്കാനും നമ്മുടെ സംസ്ഥാനത്തിന് ന്യായമായും അർഹതപ്പെട്ടത് നേടിയെടുത്ത് പുരോഗതിയെ കുറേക്കൂടെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയത്തക്ക നിലയിൽ ഈ രണ്ടു മേഖലയിലും നമുക്കാവശ്യമായിട്ടുള്ള പദ്ധതി വിഹിതം നേടിയെടുക്കാൻ നമ്മൾ കൂട്ടായി പരിശ്രമിക്കണം. എം.പി. മാരെ ഈ പ്രശ്നത്തിൽ കൂട്ടിയോജിപ്പിക്കുന്നതിനും കേന്ദ്രത്തിനുമുമ്പാകെ പോകുന്നതിനും ഒരു സർവ്വകക്ഷി ഡെലിഗേഷൻ രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എനിക്ക് സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാനുള്ളത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ ഇന്നുകാലത്ത് പറഞ്ഞതുപോലെ ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് ആധികാരികമായി നമുക്ക് കിട്ടിയിട്ടില്ല. പക്ഷെ അൺ ഒഫിഷ്യലായി നമുക്ക് അറിയാവുന്നത് നമ്മൾ പ്രതീക്ഷിച്ച കണക്ക് ഇല്ല എന്നാണ്. നമ്മുടെ വിഹിതം കൂട്ടിക്കിട്ടുന്നതിന് നിരന്തരം നമ്മൾ നിവേദനങ്ങൾ നൽകുകയും ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൂടിത്തന്നെ പോയി ബന്ധപ്പെട്ടവരെ നേരിൽ കാണുകയും, ഇപ്പോൾ അവർ തുടർന്നു വരുന്ന മാനദണ്ഡത്തിൽ

LIBRARY ARCHIVES Kerala Legislative Assembly